# കേരളസർവകലാശാല

നം.പി.ആർ.230/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബി.എഡ് പ്രവേശനം 2021
### രണ്ടാം ഘട്ട അലോട്ട്മെന്റ് അഡ്മിഷൻ എടുക്കാനുള്ള
### അവസാന തീയതി നവംബർ 11

കേരളസർവകലാശാലയുടെ 2021-22 അദ്ധ്യയന വർഷത്തിലെ ബി.എഡ് പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാനുള്ള അവസാന തീയതി നവംബർ 11 വരെ ദീർഘിപ്പിച്ചിരിക്കുന്നു. നവംബർ 15 മുതൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്.

വിശദ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തിയ മൂന്ന്, നാല് സെമസ്റ്റർ ഡിസംബർ 2020 (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി) എം.എ. ഇക്കണോമിക്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 18 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 ഡിസംബറിൽ നടത്തിയ കമ്പൈൻഡ് ഒന്ന് രണ്ട് സെമസ്റ്റർ, മൂന്നാം സെമസ്റ്റർ ബി.ആർക്ക്. (2013 സ്കീം) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 10, 11 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല നവംബർ 5 ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ നാലാം വർഷ എൽ.എൽ.ബി. (പഞ്ചവത്സര – 1998 സ്കീമിന് മുൻപുള്ളത്) രണ്ടാം വർഷ ബി.ബി.എ. (ആന്വൽ സ്കീം) പരീക്ഷകൾ നവംബർ 12 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല നവംബർ 15 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി., ഫെബ്രുവരി 2021 സ്പെഷ്യൽ പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല നവംബർ 25 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ. എൽ.ബി., നവംബർ 2021 പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## യു.ഐ.എമ്മുകളിൽ എം.ബി.എ. സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ കീഴിലുള്ള യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നവംബർ 8 മുതൽ നടക്കുന്നതാണ്. ഒഴിവുകളും ബന്ധപ്പെടാനുള്ള നമ്പറും സഹിതമുള്ള വിശദവിവരങ്ങൾ: ഐ.സി.എം. പൂജപ്പുര - എസ്.സി. - 1 ഒഴിവ് (9400333004), യു.ഐ.എം. കൊല്ലം - എസ്.സി. - 1 ഒഴിവ് (9895509828), യു.ഐ.എം. വർക്കല - 10 (9446476187), യു.ഐ.എം. കുണ്ടറ - 25 (9747097793), യു.ഐ.എം. പുനലൂർ - 27 (8943298156), യു.ഐ.എം. അടൂർ - 43 (9400300217), യു.ഐ.എം. ആലപ്പുഴ - 36 (9447252591)

(പ്രത്യേക കുറിപ്പ്: തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എഡിഷനുകളിൽ പ്രസിദ്ധീകരിക്കുന്നതിന്)

## മാർക്ക്ലിസ്റ്റ് കൈപ്പറ്റാം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം 2021 മാർച്ചിൽ നടത്തിയ എം.എസ്സി. മാത്തമാറ്റിക്സ് (പ്രിവിയസ് ആന്റ് ഫൈനൽ ആന്വൽ സ്കീം - സപ്ലിമെന്ററി) പരീക്ഷകളുടെ മാർക്ക്ലിസ്റ്റുകൾ ഹാൾടിക്കറ്റുമായി വന്ന് സർവകലാശാലയുടെ പാളയം ഓഫീസിലുള്ള (EG IV) സെക്ഷനിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

## സ്പെഷ്യൽ ഫിനാൻഷ്യൽ അസിസ്റ്റൻസ് ഫോർ എസ്.സി./എസ്.ടി. റിസർച്ച് സ്കോളർസ്

കേരളസർവകലാശാലയിലെ എസ്.സി./എസ്.ടി. (ഫുൾടൈം) ഗവേഷക വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഫിനാൻഷ്യൽ അസിസ്റ്റൻസ് (2021 - 2022) യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 6. അപേക്ഷാഫോമും വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## രാമൻ ഒപ്ട്രോണിക്സ് ഇന്റർനാഷണൽ വെബിനാർ 'റോസി'ന് തിരശീല ഉയർന്നു

കേരളസർവകലാശാല ഒപ്ടോഇലക്ട്രോണിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മാസം നീണ്ടുനിൽക്കുന്ന രാമൻ ഒപ്ട്രോണിക്സ് വെബിനാർ സീരീസ് (റോസ്) സർ.സി.വി. രാമന്റെ ജന്മദിനമായ നവംബർ 7-ാം തീയതി ആരംഭിച്ചു. രാമൻ അനുസ്മരണ പ്രഭാഷണം റോചസ്റ്റർ യൂണിവേഴ്സിറ്റി പ്രൊഫ. ഗോവിന്ദ് അഗർവാൾ നടത്തി. തുടർന്ന് 8-ാം തീയതി മെറ്റാമെറ്റീരിയൽസിൽ മഹീന്ദ്ര യൂണിവേഴ്സിറ്റിയിലെ ദിവാകർ റോയ് ചൗധരിയും, 9-ാം തീയതി ഐ.ഐ.റ്റി ഡൽഹിയിലെ പ്രൊഫ. ജോബി ജോസഫും പ്രഭാഷണം നടത്തും. 10-ാം തീയതി ഫോട്ടോണിക് ക്രിസ്റ്റൽസിന്റെ പിതാവ് എന്ന് അറിയപ്പെടുന്ന പ്രൊഫ. ഏലി എബ്ലോണോവിച്ചിന്റെ പ്രഭാഷണവും 11-ാം തീയതി സെമി കണ്ടക്ടർ നാനോ വയേഴ്സിനെക്കുറിച്ച് ആസ്ട്രേലിയൻ നാഷണൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. സി. ജഗദീഷിന്റെ പ്രഭാഷണവും ഉണ്ടായിരിക്കും. 12-ാം തീയതി വെള്ളിയാഴ്ച കിംഗ് അബ്ദുള്ള യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ബൂൺ ഓയ് ലേസർ കമ്മ്യൂണിക്കേഷൻസിനെക്കുറിച്ച് പ്രഭാഷണം നടത്തും. റോസിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റ് സന്ദർശിക്കുക. എല്ലാ പ്രഭാഷണങ്ങളും രാമൻ ഒപ്ട്രോണിക്സ് എന്ന യൂട്യൂബ് ചാനലിലും ലഭ്യമാണ്. വെബിനാർ രജിസ്ട്രേഷൻ സൗജന്യമാണ്.

തിരുവനന്തപുരം,
08.11.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**